ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, മത്സ്യത്തൊഴിലാളികൾക്ക് നൽകിവന്നിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി 1-4-1996 മുതൽ നിർത്തലാക്കിയിരിക്കുകയായിരുന്നു. ഇതു പുനഃസ്ഥാപിച്ച് കിട്ടാനും ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും സ്ത്രീകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താനും ഈ ഗവൺമെന്റ് നിരന്തരമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ആദ്യം കടൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യസമാശ്വാസ പദ്ധതി തുടർന്ന് നടത്താൻ അനുമതി ലഭിച്ചു. എന്നാൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും സ്ത്രീകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ അവർ അനുവദിച്ചിരുന്നില്ല. നിരന്തരമായി കേന്ദ്രത്തിൽ നടത്തിയ സമ്മർദ്ദത്തിന്റെ ഫലമായി ഇപ്പോൾ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും സമ്പാദ്യ സമാശ്വാസ പദ്ധതി ഏർപ്പെടുത്താൻ കേന്ദ്രത്തിൽനിന്നും അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 9-2-2001-ലെ ജി.ഒ.(എം.എസ്.) 4/2001/എഫ്.എസ്/പി.ഡി. നമ്പർ ഉത്തരവു പ്രകാരം 2001 ജനുവരി ഒന്നു മുതൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും സമ്പാദ്യ ആശ്വാസ പദ്ധതി ഏർപ്പെടുത്തി കഴിഞ്ഞു. ഈ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം ഈ മാസം 9-ാം തീയതി ആലപ്പുഴയിലെ ആര്യാട് വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(19) ആലപ്പുഴയിലെ കനാലുകളുടെ നവീകരണം

ശ്രീ. കെ. സി വേണുഗോപാൽ : സർ, കഴിഞ്ഞ നാലരവർഷമായി നിരന്തരം ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് ഞാൻ വീണ്ടും ഇവിടെ പറയുന്നത്. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ നവീകരണ പ്രശ്നമാണ്. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി രണ്ടുമൂന്നു പ്രാവശ്യം ഇതു സംബന്ധിച്ച കോൺഫറൻസ് വിളിച്ചുകൂട്ടി ഒരു പദ്ധതി തയ്യാറാക്കുവാൻ തീരുമാനം എടുത്തു. ഇതുവരെയായി അതിന്റെ പൂർണ്ണമായ രൂപം നൽകാൻ കഴിഞ്ഞിട്ടില്ല. ഈ കനാലുകൾ മുഴുവൻ പോള നിറഞ്ഞ് വൃത്തിഹീനമായി, മാലിന്യങ്ങൾ മുഴുവൻ അവിടെ ഡംപ് ചെയ്ത് അവസാനം സാംക്രമിക രോഗം പടരുന്ന ഒരു വേദിയാക്കി മാറിയിരിക്കുകയാണ്. ഈ കാര്യത്തിൽ കഴിഞ്ഞ കുറച്ച് നാളുകളായി എം.പി., എം.എൽ.എ. അടക്കമുള്ളവരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി യോഗതീരുമാനങ്ങൾ നടപ്പിലാക്കുവാൻ ഗവൺമെന്റ് യാതൊരു താല്പര്യവും കാണിക്കുന്നില്ല. ഈ കാര്യത്തിൽ അടിയന്തിരമായി തീരുമാനം എടുക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും വേണ്ടി 22.51 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട് ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 12-4-2000-ൽ എന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും അഭിപ്രായംകൂടി ക്രോഡീകരിച്ചുകൊണ്ട് സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവകുപ്പിന്റെ കണക്കനുസരിച്ച് 22.51 കോടിരൂപ കനാലുകൾ നവീകരിക്കുന്നതിനായി ചെലവാക്കി. എന്നാൽ നാറ്റ്പാക്കിന്റെ സമഗ്രമായ റിപ്പോർട്ട് പ്രകാരം എന്തു തുക വേണ്ടിവരുമെന്ന് ഇതുവരെ അറിവായിട്ടില്ല. 12-4-2000-ൽ വീണ്ടും എന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു. നാറ്റ്പാക്ക് സമഗ്രമായ റിപ്പോർട്ട് 2000 ഏപ്രിൽ 22-ന് സർക്കാരിനു നൽകണം. റിപ്പോർട്ട് ലഭിച്ചശേഷം ബന്ധപ്പെട്ട മന്ത്രിമാരും ധനകാര്യവകുപ്പുമന്ത്രിയും വകുപ്പുസെക്രട്ടറിയും ഉൾപ്പെട്ട ഒരു യോഗം ഏപ്രിൽ 30-നു മുൻപ് കൂടേണ്ടതും മേൽപ്പടി പദ്ധതി എങ്ങനെ പ്രാവർത്തികമാക്കാമെന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. അതിനുശേഷം ബന്ധപ്പെട്ട എല്ലാ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മേയ് മാസം രണ്ടാം വാരത്തിൽ ചേരേണ്ടതും പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച നടത്തുകയും വേണം എന്നാണ് ആ യോഗം തീരുമാനിച്ചിരുന്നത്. നാറ്റ്പാക്കിന്റെ റിപ്പോർട്ട് കിട്ടാനുള്ള താമസമാണ് പദ്ധതി നടപ്പിലാക്കുവാൻ കാലതാമസം നേരിട്ടത്. കനാലുകൾ താൽക്കാലികമായി നന്നാക്കുന്നതിനു പരീക്ഷണാർത്ഥമായി 15 ലക്ഷം രൂപ ചെലവുവരുന്ന ഒരു പണിക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. അവ ഗവൺമെന്റിനു ലഭ്യമായാൽ ഉടൻതന്നെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

VII Papers Laid on the Table

I Minister for Fisheries and Cultural Affairs (**Sri. T.K. Ramakrishnan**) : Sir, on behalf of the Chief Minister, I lay on the Table.

1. Notification No. 55788/SSA4/2000/Home. Dated 23rd January, 2001 (S.R.O. No. 73/2001)

2. G.O. (Ms.) No. 13/2001/Home. Dated 24th January, 2001 (S.R.O. No. 79/2001)

II Minister for Agriculture **(Sri. Krishnan Kaniyamparambil)** : Sir, on behalf of the Minister for Revenue, I lay on the Table :

G.O. (Ms.) No. 201/2000/RD. Dated 1st July, 2000 (S.R.O. No. 643/2000) together with statement showing the reasons for delay in submitting the same.

III Minister for Welfare of Backward and Scheduled Communities **(Sri. K. Radhakrishnan)** : Sir, on behalf of the Minister for Local Self Government Department, I lay on the Table :

G.O. (P) No. 19/2001/LSGD. Dated 24th January, 2001 (S.R.O. No. 77/2001)

LIBRARY ARCHIVES Kerala Legislative Assembly